# വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകികൊണ്ട് സ്കൂൾ മികവിന്റെ കേന്ദ്രമാക്കിമാറ്റുകയും പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ പ്രത്യേക പരിഗണന-യും പരിശീലനവും നൽകി മുഖ്യധാരയിൽ എത്തി-ക്കുകയും അതിനുവേണ്ട പ്രവർത്തനങ്ങൾ എല്ലാ ക്ലാസിലും ആസൂത്രണം ചെയ്യുകയും വേണം.

* ഒന്നാം ക്ലാസ് ഒന്നാന്തരം
* കുട്ടിയെ അറിയാം
* എല്ലാവരും മികച്ചത്.
* ICT → ചലോ
* കുട്ടി ശാസ്ത്രജ്ഞർ
* പഠനോപകരണശിൽപ്പശാല
* മൂല്യബോധവൽക്കരണ ക്ലാസുകൾ
* പ്രവർത്തി പരിചയം
* class PTA സജീവമാക്കൽ
* One School One game
* Easy English.

# പ്രശ്നങ്ങൾ വെല്ലുവിളികൾ

* സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന രക്ഷിതാക്കളാണ് ഭൂരിഭാഗവും
* പിന്നോക്കക്കാരായ കുട്ടികൾക്കുവേണ്ടി നടത്തുന്ന പ്രത്യേക പ്രവർത്തനങ്ങളിൽ പോലും അവർ മുടങ്ങുന്നത് അവരുടെ പിന്നോക്കാവസ്ഥയെ മറികടക്കുന്നതിന് തടസ്സമാവുന്നു.
* പരിസരത്ത് പുതുതായി വരുന്ന unaided വിദ്യാലയങ്ങൾ.

# പദ്ധതിരൂപീകരണ പ്രക്രിയ

അവധിക്കാല അധ്യാപക പരിശീലനത്തിൽ നിന്നും അക്കാദമിക് മാസ്റ്റർ പ്ലാൻ നെക്കുറിച്ചുള്ള ഏകദേശ ധാരണ ലഭിച്ചു.

* SRG കൂടി അക്കാദമിക് മാസ്റ്റർ പ്ലാൻ നെക്കുറിച്ച് ചർച്ച ചെയ്തു. വിദ്യാലയത്തെ മികവുറ്റതാക്കാനുള്ള തങ്ങളുടെ ആശയങ്ങളും ആഗ്രഹങ്ങളും ഓരോരുത്തരും പങ്കുവെച്ചു.
* പി.ടി.എ / SMC യോഗം വിളിച്ചുചേർത്ത് ഈ വിവരം അവതരിപ്പിക്കുകയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമന്വയിപ്പിച്ച് കരട് പദ്ധതി തയ്യാറാക്കുകയും ചെയ്തു.
* സബ്ജില്ലാതലം SRG മാരുടെ online മീറ്റിംഗ് സംഘടിപ്പിച്ച് അക്കാദമിക് മാസ്റ്റർ പ്ലാൻ നെ ക്കുറിച്ച് ഡയറ്റിൽ നിന്നും ഒരു സാർ വിശദമായി പറഞ്ഞുതന്നു.
* വീണ്ടും SRG കൂടി മാറ്റം വരുത്തേണ്ടവ മാറ്റി HM ന്റെ നേതൃത്വത്തിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപീകരിച്ചു.

# ഒന്നാം ക്ലാസ്
# ഒന്നാന്തരം

ഒന്നാം തരത്തിൽ പ്രവേശനം നേടുന്ന എല്ലാ കുട്ടികളെയും എഴുത്ത്, വായന, സംഖ്യാബോധം, കൂട്ടൽ, കുറയ്ക്കൽ എന്നീ അടിസ്ഥാന ശേഷികൾ നേടിയെടുക്കാൻ പ്രാപ്തരാക്കുക. അതിനായി ധാരാളം വായനാ കാർഡുകളും, ക്ലാസ് ലൈബ്രറി വിപുലപ്പെടുത്തുക, ഗൃഹസന്ദർശനം നടത്തി കുട്ടികളുടെ മാതാപിതാക്കളുമായി ആശയവിനിമയം നടത്തുക. സംയുക്ത ഡയറി, രചനോത്സവം എന്നീ പരിപാടികൾ നടത്തി കുട്ടികളെ വായനയുടെയും എഴുത്തിന്റെയും ലോകത്തേക്ക് കൈപിടിച്ചുയർത്തുക. ജൂൺ മുതൽ മാർച്ച് വരെ നീണ്ടുനിൽക്കുന്ന കാലയളവ്.

മോണിറ്ററിംഗ് :- ഹെഡ്മാസ്റ്റർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, BPC.

# ശ്രദ്ധ

വായന, എഴുത്ത്, മെച്ചപ്പെടൽ

ലക്ഷ്യം :- എല്ലാ കുട്ടികളേയും തെറ്റ് കൂടാതെ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക.

ചുമതല :- അധ്യാപകർ

Pre test നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗൃഹസന്ദർശനം നടത്തി അവരുടെ മാതാപിതാക്കളുമായി ആശയവിനിമയം നടത്തുന്നു.

പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി ലളിതമായ വാക്കുകളും വാചകങ്ങളും ഉൾപ്പെടുത്തി വർക്ക്ഷീറ്റുകളും മൊഡ്യൂളുകളും പ്രത്യേകം SRG കൂടി തയ്യാറാക്കുന്നു.

എല്ലാ ദിവസവും 4 മണിമുതൽ 4.30 വരെ ഈ പ്രവർത്തനങ്ങൾക്കുവേണ്ടി മാറ്റിവെയ്ക്കുന്നു. ഓരോ ദിവസവും ഓരോ അധ്യാപകർക്കായി duty നൽകുന്നു. കുട്ടികൾക്ക് Refreshment ഉം നൽകുന്നു.

മോണിറ്ററിംഗ് :- ഹെഡ്മാസ്റ്റർ

വരുമാനസ്രോതസ്സ് :- പി.ടി.എ./SMC

# കുട്ടിയെ അറിയാം

ലക്ഷ്യം :- എല്ലാ കുട്ടികളുടെയും സാഹചര്യം മനസ്സിലാക്കൽ.

കാലയളവ് :- വർഷം മുഴുവൻ

പ്രവർത്തനരീതി

ഓരോ ക്ലാസ് അധ്യാപകരും "എന്റെ കുട്ടികൾ" എന്ന പേരിൽ ഒരു Record സൂക്ഷിക്കുന്നു. നമ്മുടെ കുട്ടികളെ അടുത്തറിയുന്നതിനായി നിർബന്ധമായും എല്ലാ കുട്ടികളുടെയും ഗൃഹസന്ദർശനം നടത്തുവാനും, അവരുടെ മാതാപിതാക്കളുമായി ആശയവിനിമയം നടത്തുവാനും തീരുമാനിച്ചു. ഓരോ യൂണിറ്റ് കഴിയുമ്പോഴും കുട്ടികൾ നേടിയ പഠന പുരോഗതിയെക്കുറിച്ച് വിശദമായി രക്ഷിതാക്കളുമായി ചർച്ച ചെയ്യുന്നു. പിന്തുണ അവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക ക്ലാസുകൾ നൽകുന്നു. ഓരോ കുട്ടിയുടെയും വീട്ടിൽ കുറഞ്ഞത് ഓരോ തവണ എങ്കിലും സന്ദർശനം നടത്തണം.

# എല്ലാവർക്കും A+

ലക്ഷ്യം :- നാലാം ക്ലാസിലെ എല്ലാ കുട്ടികളെയും സ്കോളർഷിപ്പ് എഴുതുന്നതിന് പ്രാപ്തരാക്കുക.

കാലയളവ് :- വർഷം മുഴുവൻ നീണ്ടുനിൽക്കുന്നത്

എല്ലാ കുട്ടികളേയും ഉന്നത നിലവാരത്തിലെത്തിക്കുക. Pre test നടത്തി പിന്നോക്കക്കാരെ കണ്ടെത്തി അടുത്ത Unit test നടത്തുമ്പോഴേക്കും അവരെ മുന്നിലെക്കെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. എല്ലാ ദിവസവും ഉച്ചയ്ക്ക് 1.15 മുതൽ 1.45 വരെ പ്രത്യേകം പിന്തുണ നൽകുന്നു.

മോണിറ്ററിംഗ് :- ഹെഡ്മാസ്റ്റർ

# പഠനോപകരണ ശിൽപ്പശാല

ലക്ഷ്യം :- പഠനപ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുക.

മാസത്തിൽ ഒരു ശിൽപ്പശാല സംഘടിപ്പിക്കുക. അധ്യാപകർ ഓരോ യൂണിറ്റിലും വേണ്ട പഠനോപകരണങ്ങൾ ലിസ്റ്റ് ചെയ്യുക. അതിനാവശ്യമായ സാധന സാമഗ്രികൾ തയ്യാറാക്കി, വയ്ക്കുക. രക്ഷിതാക്കളുടെ പിന്തുണയോടെ മാസത്തിൽ ഒരു തവണ ഒത്തുകൂടി ആവശ്യമുള്ള പഠനോപകരണങ്ങൾ തയ്യാറാക്കുക. BRC യിൽ നിന്നുമുള്ള specialist അധ്യാപകരുടെ സേവനവും ഉപയോഗപ്പെടുത്താം.

മോണിറ്ററിംഗ് :- ഹെഡ്മാസ്റ്റർ

വരുമാന സ്രോതസ്സ് :- PTA /SMC , പഞ്ചായത്ത്.

# Easy English

ലക്ഷ്യം :- ഇംഗ്ലീഷ് ഭാഷ കുട്ടികൾക്ക് അനായാസം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക.

കാലയളവ് :- വർഷം മുഴുവൻ

ചുമതല :- അധ്യാപകർ

ദിവസവും അസംബ്ലിയിൽ spoken English എന്ന പ്രവർത്തനം നടത്തുന്നു. അതേ പോലെ LKG മുതൽ IVth std വരെയുള്ള കുട്ടികൾ ഓരോ ദിവസവും ഒരു കുട്ടി വീതം Self Introduction അവതരിപ്പിക്കുന്നു. Riddles, Description, conversation, skit, Proverbs തുടങ്ങി നിരവധി പരിപാടികൾ അവതരിപ്പിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. Communicative English ന് പ്രത്യേക Module തയ്യാറാക്കി ആഴ്ചയിൽ 1 പിരീഡ് വീതം എല്ലാ ക്ലാസിലും പ്രത്യേക പരിശീലനം നൽകുന്നു. ആഴ്ചയിൽ ഒരു ദിവസം English അസംബ്ലി നടത്തുന്നു.

മോണിറ്ററിംഗ് :- ഹെഡ്മാസ്റ്റർ

# പൊതുവിജ്ഞാനം വർദ്ധിപ്പിക്കാം ലോകത്തെ അറിയാം....

ലക്ഷ്യം :- കുട്ടികളിലെ പത്രവായനാശീലം വളർത്താനും പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുവേണ്ട പരിശീലനം നൽകുക.

കാലയളവ് :- വർഷം മുഴുവൻ

ചുമതല :- അധ്യാപകർ

സ്കൂൾ കലണ്ടർ രൂപീകരിച്ച് ദിനാചരണത്തിന്റെ ചുമതല അധ്യാപകർക്കു വീതിച്ച് നൽകുക. അസംബ്ലിയിൽ ക്വിസ്, പത്രവായന എന്നിവ നിർബന്ധമാക്കുക. പത്രവായന കുട്ടികൾ ശ്രദ്ധിക്കുന്നതിനുവേണ്ടി വായിച്ച വാർത്തയുമായി ബന്ധപ്പെട്ട് ചോദ്യങ്ങൾ അധ്യാപിക ചോദിക്കുന്നു. ഒരു ദിവസം ഒരു ചോദ്യം കുട്ടികളോട് ചോദിക്കുന്നു. കുട്ടികൾ ഉത്തരം എഴുതി ഉത്തരപ്പെട്ടിയിൽ ഇടുന്നു. പിറ്റേ ദിവസം ഉത്തരപ്പെട്ടി തുറക്കുന്നു. വിജയിക്ക് അപ്പോൾ തന്നെ സമ്മാനം നൽകുന്നു. സ്കൂൾ തലത്തിൽ ഒരു Quiz Book തയ്യാറാക്കി 3 ലേയും 4 ലേയും എല്ലാ കുട്ടികൾക്കും നൽകുന്നു.

മോണിറ്ററിംഗ് :- ഹെഡ്മാസ്റ്റർ

# One School One Game

ശാരീരികവും മാനസികവുമായ വളർച്ചയ്ക്കു കായിക വിദ്യാഭ്യാസം ഒഴിച്ചുകൂടാൻ ആവാത്ത ഒരു ഘടകമാണ്. ഈ തലമുറയിൽ കാണുന്ന ജീവിതശൈലി രോഗങ്ങൾക്കും ദുശ്ശീലങ്ങൾക്കും വഴിവെച്ചത് കായികപരമായിട്ടുള്ള പരിശീലനങ്ങളുടെ കുറവുമൂലമാണ്. ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിൽ കായിക പരിശീലനങ്ങൾക്ക് വളരെ പ്രാധാന്യം ഉണ്ട്. ശാരീരിക മാനസിക ഉല്ലാസം നേടുവാൻ കായികപരമായിട്ടുള്ള പ്രവർത്തനങ്ങൾ പ്രധാന പങ്കുവഹിക്കുന്നുണ്ട്.

One school One game എന്നതിന്റെ ഭാഗമായി "Football" തെരഞ്ഞെടുക്കുകയും "സന്തോഷ് ട്രോഫി, National game എന്നിവയിൽ കളിച്ച പൂർവ്വ വിദ്യാർത്ഥി മുഹമ്മദ് ആഷിക്" ന്റെ വകയായി കുട്ടികൾക്ക് Football നൽകി. എല്ലാ ദിവസവും കുട്ടികൾക്ക് Football പരിശീലനം നൽകുന്നതിനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കുവാൻ തീരുമാനിച്ചു.